# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജനുവരി 22

# വാർത്താക്കുറിപ്പ്

---

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.പി.എഡ്. (2018 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 12ന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 30 വരെയും 500 രൂപ പിഴയോടെ 31 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി രണ്ടുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/107/2019)

മൂന്നാം സെമസ്റ്റർ എം.പി.എഡ്. (2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 13ന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 30 വരെയും 500 രൂപ പിഴയോടെ 31 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി രണ്ടുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/108/2019)

## അപേക്ഷ തീയതി

മൂന്നും നാലും സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം പ്രൈവറ്റ് (2016 അഡ്മിഷൻ റഗുലർ, 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴയില്ലാതെ ഫെബ്രുവരി ഒന്നു വരെയും 500 രൂപ പിഴയോടെ നാലു വരെയും 1000 രൂപ സൂപ്പർഫൈനോടെ ആറു വരെയും അപേക്ഷിക്കാം. റിസൽട്ട് പ്രസിദ്ധീകരിക്കാത്ത വിദ്യാർഥികൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി പിന്നീട് അറിയിക്കും. മൂന്നും നാലും സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം (പ്രൈവറ്റ് - 2012, 2013 അഡ്മിഷൻ - സ്പെഷൽ മേഴ്‌സി ചാൻസ് അദാലത്ത് സ്‌കീം 2018) പരീക്ഷകൾ ഇതോടൊപ്പം നടക്കും. പിഴയില്ലാതെ ഫെബ്രുവരി ഒന്നു വരെയും 500 രൂപ പിഴയോടെ നാലു വരെയും 1000 രൂപ സൂപ്പർഫൈനോടെ ആറുവരെയും അപേക്ഷിക്കാം. 2012, 2013 അഡ്മിഷൻ വിദ്യാർഥികൾ മേഴ്‌സി ചാൻസ് ഫീസായി 5000 രൂപ പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. സ്പെഷൽ മേഴ്‌സി ചാൻസ് പരീക്ഷയ്ക്ക് 5000 രൂപ ഫീസടച്ചിട്ടുള്ളവർ വീണ്ടും ഫീസടയ്ക്കേണ്ടതില്ല. എം.എ./എം.കോം അപേക്ഷകൾ അസിസ്റ്റന്റ് രജിസ്ട്രാർ IX (പരീക്ഷ) മുമ്പാകെയും എം.എസ്‌സി. അപേക്ഷകൾ അസിസ്റ്റന്റ് രജിസ്ട്രാർ VIII (പരീക്ഷ) മുമ്പാകെയും സമർപ്പിക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/109/2019)

ഒന്നു മുതൽ നാലുവരെ വർഷത്തെ ബി.എസ്‌സി. നഴ്‌സിംഗ് മേഴ്‌സി ചാൻസ് (2017 - 2009 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി 30 വരെയും 500 രൂപ പിഴയോടെ 31 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി നാലു വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതം (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. കൂടാതെ ആദ്യ മേഴ്‌സി ചാൻസ് പരീക്ഷ ഫീസായി 5000 രൂപ പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/110/2019)

**പ്രാക്ടിക്കൽ**

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) ബി.എസ്‌സി. സൈബർ ഫോറൻസിക് ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 24 മുതൽ 28 വരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/111/2019)

ബി.ടി.എസ്. ഓഫ് കാമ്പസ് മെയ് 2018 പരീക്ഷയുടെ വൈവാവോസി/പ്രോജക്ട് മൂല്യനിർണയം/പ്രാക്ടിക്കൽ ജനുവരി 24, 25, 28 തീയതികളിൽ റാന്നി സെന്റ് തോമസ് കോളേജിൽ നടക്കും. മൂല്യനിർണയത്തിനുള്ള പ്രോജക്ട് അന്നേദിവസം തന്നെ സമർപ്പിക്കണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/112/2019)

**ഐ.യു.സി.ബി.ആർ. വൈറോളജി ഡയഗ്നോസ്റ്റിക് സെന്റർ ഉദ്ഘാടനം ഇന്ന് (ജനുവരി 23)**

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്‌സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്‌പെഷ്യാലിറ്റി ആശുപത്രിയിൽ പുതുതായി സജ്ജീകരിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ വൈറോളജി ഡയഗ്നോസ്റ്റിക് സെന്റർ ഇന്ന് (ജനുവരി 23) വൈകീട്ട് നാലിന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും.

(പി.ആർ.ഒ./39/113/2019)

**'സമക്ഷം' കാമ്പസ് റിലീസും 'ട്രിപ്പ്'ന്റെ ഗാനപ്രകാശനവും ഇന്ന് (ജനുവരി 23) മഹാരാജാസിൽ**

സാമൂഹ്യപ്രശ്‌നങ്ങളിലേക്ക് വിരൽചൂണ്ടി എം.ജി.യിൽ നിന്നും 'ട്രിപ്പ്', 'സമക്ഷം' സിനിമകൾ. മയക്കുമരുന്നിന് അടിമയാകുന്നവരുടെ കുടുംബകഥ പറയുന്ന 'ട്രിപ്പ്', രാസ കീടനാശിനി വിപത്തിന്റെ നേർചിത്രം ആലേഖനം ചെയ്ത 'സമക്ഷം' സിനിമകളുമായി എം.ജി. സർവകലാശാല ചരിത്രം കുറിക്കുന്നു. ബാല്യത്തിലെ ഒറ്റപ്പെടലിലൂടെ വഴിമാറി സഞ്ചരിക്കുന്ന യുവാവിന്റെ കഥയ്ക്ക് ബഹുമുഖ മാനങ്ങൾ നൽകുന്ന 'ട്രിപ്പി'ന്റെ ഗാനങ്ങളുടെ പ്രകാശനവും ജൈവ ജീവനം നിർദ്ദേശിക്കുന്ന 'സമക്ഷ'ത്തിന്റെ കാമ്പസ് റിലീസും ഇന്ന് (ജനുവരി 23) രാവിലെ 11ന് എറണാകുളം മഹാരാജാസ് കോളേജിൽ നടക്കും.

ജാസി ഗിഫ്റ്റ് സംഗീതസംവിധാനം നിർവ്വഹിച്ച അഞ്ച് ഗാനങ്ങൾ കേരള ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ പുറത്തിറക്കും. സിനിമ നിർമാതാവ് ലാൽ ജോസ് ഫസ്റ്റ് ലുക്ക് പോസ്റ്റർ പ്രകാശനം ചെയ്യും. കുഞ്ചാക്കോ ബോബന്റെ ഫെയ്‌സ്ബുക്കിലായിരിക്കും ഫസ്റ്റ്‌ലുക്ക് പോസ്റ്ററിന്റെ പ്രഥമ പ്രകാശനം. റിമ കല്ലിങ്കൽ, വിനയ് ഫോർട്ട്, സംവിധായകൻ ലിയോ റ്റദിവോസ് തുടങ്ങി സിനിമ മേഖലയിലെ പ്രശസ്തർ പങ്കെടുക്കും. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. എം.എസ്. മുരളി, രജിസ്ട്രാർ എം.ആർ. ഉണ്ണി, ഡോ.കെ.എൻ. കൃഷ്ണകുമാർ, എം.ജി. യൂണിവേഴ്‌സിറ്റി ചെയർമാൻ നിഖിൽ എസ്. നായർ തുടങ്ങിയവർ സംബന്ധിക്കും.

കെ. ജയകുമാർ, റഫീക്ക് അഹമ്മദ്, ഒ.വി. ഉഷ, അൻവർ അബ്ദുള്ള എന്നിവരാണ് വരികളെഴുതിയിരിക്കുന്നത്. ജാസി ഗിഫ്റ്റ്, വൈക്കം വിജയലക്ഷ്മി, നജീം അർഷാദ്, പ്രീത എന്നിവരാണ് ഗാനാലാപനം നടത്തിയിരിക്കുന്നത്. എം.ആർ. ഉണ്ണിയും അൻവർ അബ്ദുള്ളയും ചേർന്നാണ് രചനയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്നത്.

കുടുംബപശ്ചാത്തലത്തിൽ ഇൻഡ്യൻ യുവത്വത്തിന്റെ ആത്മസംഘർഷം ആവിഷ്‌ക്കരിക്കുന്ന ത്രിഭാഷാചിത്രമായ ട്രിപ്പിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. മലയാളത്തിൽ നിർമ്മിക്കുന്ന ചിത്രം ദേശീയ-അന്തർദ്ദേശീയ പ്രേക്ഷകരെ മുന്നിൽ കണ്ടുകൊണ്ട് ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിലേക്ക് മൊഴിമാറ്റം നടത്തുന്നുണ്ട്.

അച്ഛന്റെ നിർബന്ധം മൂലം ബാല്യവും കൗമാരവും അന്യവൽക്കരിക്കപ്പെട്ട ഉണ്ണിയെന്ന യുവാവിന്റെ ജീവിതാഖ്യാനമാണ് പ്രമേയം. ബഹുസ്വഭാവങ്ങളുള്ള ജീവിത പശ്ചാത്തലങ്ങളുടെ കലർന്നൊഴുകൽകൊണ്ട് ട്രിപ്പ് നവദൃശ്യാനുഭവമാകും, ട്രാവൽ, ഇൻവെസ്റ്റിഗേഷൻ മൂവികളുടെ സ്വഭാവസന്നിവേശം അസാധാരണമായ പുതുമയാവും.

കണ്ണൂർ മുഴപ്പിലങ്ങാട്, കോഴിക്കോട്, ചമ്രവട്ടം, കോട്ടയംഎന്നിവിടങ്ങളിലാണ് ചിത്രീകരണം നടന്നത്. സ്നേഹം തുളുമ്പുന്ന ഇടപെടലിലൂടെയും സിനിമയിലെ ചെറുവേഷങ്ങളിലൂടെയും മലയാളസിനിമയ്ക്ക് പ്രിയങ്കരനായിരുന്ന നടൻ കെ.ടി.സി. അബ്ദുള്ളയുടെ അവസാന ചിത്രമാണ് "ട്രിപ്പ്". രാമുകാര്യാട്ടിന്റെ ദ്വീപിലൂടെ സിനിമയിൽ കടന്നുവന്ന അബ്ദുള്ള ഈയിടെ ഗദ്ദാമി, സുഡാനി ഫ്രം നൈജീരിയ, അറബിക്കഥ എന്നീ സിനിമകളിൽ ശ്രദ്ധേയ വേഷങ്ങളാണ് ചെയ്തിരുത്. സുനാമി ദുരന്തത്തിൽ അകപ്പെട്ട് തളർന്ന ശരീരവുമായി കടപ്പുറത്തെ ചെറ്റകുടിലിൽ കഴിയുന്ന ഹൈദ്രോസ് എന്ന കഥാപാത്രത്തിനാണ് കെ.ടി.സി. അബ്ദുള്ള ജീവൻ നൽകിയിരിക്കുന്നത്. അനിതരസാധാരണമായ അതിജീവനത്തിന്റെയും ഒത്യക്യത്തിന്റെയും ചെറുത്തുനില്പിന്റെയും പ്രതിരൂപമായ ഫിദയെന്ന മുഖ്യ കഥാപാത്രത്തിന്റെ പിതാവാണ് ഹൈദ്രോസ്. ജീവിതസന്ധാരണത്തിന് വീട്ടുജോലിയും മത്സ്യക്കച്ചവടവും പോലീസുകാർക്ക് വേണ്ടി മോർച്ചറി ഫോട്ടോഗ്രാഫിയും ഒക്കെ ചെയ്യുന്ന ഫിദ ഉന്നതപഠനവും കൂടെ കൊണ്ട് പോകുന്നു. അവാച്യമായ അനുകമ്പയാൽ മയക്കമരുന്നിന് അടിമയായി കാണാതാകുന്ന ഉണ്ണിയെന്ന ചെറുപ്പക്കാരനെ തേടി ഫിദ നടത്തുന്ന ആകാംക്ഷാനിർഭരമായ അന്വേഷണയാത്രയിലൂടെയാണ് കഥാബിന്ദു അനാവരണംചെയ്യപ്പെടുന്നത്.

ആര്യ രമേഷ്, റെജിൻ രാജ്, കല്യാൺ ഖന്ന, വിനിത ആർ. നാഥ്, രാജീവൻ വെള്ളൂർ, രാജീവ് മോഹൻ, ഗിരീഷ് രാംകുമാർ, ജ്യുവൽ ബേബി, ബാലു കുടമാളൂർ, മധു കക്കാട്, അനീഷ്, രഘുവരൻ, മാസ്റ്റർ ഗൗതം തുടങ്ങിയ പുതുമുഖങ്ങൾ പ്രധാന വേഷങ്ങളിലെത്തും.

ഛായാഗ്രഹണം മുഹമ്മദ് എ, ചിത്രസന്നിവേശം റിൻജു ആർ വി. ലൈൻ പ്രൊഡ്യൂസർ സന്തോഷ് പി. തമ്പി, അസോസിയേറ്റ് ഡയറക്ടർ നവാസ് അലി, അസിസ്റ്റന്റ് ഡയറക്ടർ ശ്രീകാന്ത്, ശബ്ദവിന്യാസം ടി.ആർ. കൃഷ്ണനുണ്ണി, കലാസംവിധാനം അനീഷ് ഗോപാൽ, ചമയം മിറ്റ ആന്റണി, വസ്ത്രാലങ്കാരം ജയരാജ് വാടനക്കുറിശ്ശി, പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് പ്രതീഷ് മാവേലിക്കര, യൂണിറ്റ് മാനേജർ സി.സുരേഷ്കുമാർ, സ്റ്റിൽസ് ശേഖരാജ്, പി.ആർ.ഒ. ജി. ശ്രീകുമാർ, സ്റ്റുഡിയോ ചിത്രാഞ്ജലി. മാർച്ച് അവസാനവാരം ചിത്രം തീയേറ്ററിലെത്തും.

## <u>സമക്ഷം കാമ്പസ് റിലീസ്</u>

രാസകീടനാശിനി പ്രയോഗത്തിന്റെ പാർശ്വഫലങ്ങളിലേക്ക് വെളിച്ചം വീശുന്ന സംഭവങ്ങളെ കോർത്തിണക്കി മഹാത്മാ ഗാന്ധി സർവകലാശാല നിർമ്മിച്ച 'സമക്ഷം' കഥാചിത്രം ഇന്ന് (ജനുവരി 23) മുതൽ 212 കാമ്പസുകളിൽ 10 ദിവസത്തേക്ക് പ്രദർശിപ്പിക്കുന്നു. ജൈവം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ഈ ചിത്രം മൂന്നര ലക്ഷം വിദ്യാർഥികളും 15000 അധ്യാപക - അനധ്യാപകരും പരശ്ശതം സമീപവാസികൾക്കും സൗജന്യമായി കാണാനുള്ള സൗകര്യമാണ് ഒരുക്കിയിട്ടുള്ളത്. നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിലാണ് പ്രദർശന ഏകോപനം നടക്കുന്നത്.

അപ്പർ കുട്ടനാട്ടിലെ പെരിങ്ങര പാടശേഖരത്തുണ്ടായ ഞെട്ടിപ്പിക്കുന്ന കീടനാശിനി ദുരന്തത്തിന്റെ വെളിച്ചത്തിൽ ഈ പ്രദർശനങ്ങൾ സവിശേഷ ശ്രദ്ധ അർഹിക്കുന്നതാണ്. അജു.കെ. നാരായണനും അൻവർ അബ്ദുള്ളയും ചേർന്ന് രചനയും സംവിധാനവും നിർവഹിച്ച 'സമക്ഷ'ത്തിന്റെ നിർമ്മാതാവ് എം.ആർ. ഉണ്ണിയാണ്.

കൂടുതൽ വിവരങ്ങൾക്ക്: ജി. ശ്രീകുമാർ (ട്രിപ്പ് പി.ആർ.ഒ.) 9847412145

(പി.ആർ.ഒ./39/114/2019)

## <u>ഫോട്ടോ ക്യാപ്ഷൻ</u>

**(1) 'സമക്ഷം' സിനിമയുടെ ചിത്രീകരണവേളയിൽ അണിയറ പ്രവർത്തകർ**

**(2) ട്രിപ്പിന്റെ ചിത്രീകരണവേളയിൽ സംവിധായകരായ എം.ആർ. ഉണ്ണി, അൻവർ അബ്ദുള്ള, ഛായാഗ്രഹകൻ മുഹമ്മദ് എ., അസോസിയേറ്റ് ഡയറക്ടർ നവാസ് അലി തുടങ്ങിയവർ**

**(3) ട്രിപ്പിൽ ആര്യ രമേഷും കല്യാൺ ഖന്നയും**

**(4) ട്രിപ്പിൽ ആര്യ രമേഷും കെ.ടി.സി. അബ്ദുള്ളയും**

(പി.ആർ.ഒ./39/115/2019)

## ഇന്റർനാഷണൽ കോൺഫ്ളുവെൻസ്

## ഫെബ്രുവരി 15ന്

യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെ ആഭിമുഖ്യത്തിൽ 2019 ഫെബ്രുവരി 15ന് അന്തർദ്ദേശീയ വിദ്യാർഥി/ഗവേഷക സംഗമം സർവകലാശാല കാമ്പസിൽ നടക്കും. 25 രാജ്യങ്ങളുടെ തനതായ ചരിത്ര, സാംസ്കാരിക, വിദ്യാഭ്യാസ, ടൂറിസം സാധ്യതകളെക്കുറിച്ച നടക്കുന്ന സംഗമത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് കൂടുതൽ വിവരങ്ങൾ www.mgu.ac.in, ucicmgu.org എന്നീ വെബ്സൈറ്റുകളിൽ നിന്ന് ലഭിക്കും. ഫോൺ: 9446224240.

(പി.ആർ.ഒ./39/116/2019)

**പി.കെ. സജീവ്**

ഡെപ്യൂട്ടി രജിസ്ട്രാർ &

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)